"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - പന്നിയങ്കര റെയിൽവേ മേൽപ്പാലം- ബഹു. കോഴിക്കോട് സബ് കോടതിയിലെ എൽ.എ.ആർ. നം. 07/17, 385/14, 761/15 എന്നീ കേസുകളിലെ ഉത്തരവ് - വിധി തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുമരാമത്ത്(ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.901/2025/PWD തിരുവനന്തപുരം, തീയതി 20-06-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1184/2024/PWD തീയതി 21.11.2024.
2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനിയറുടെ 25.04.2025 തീയതിയിലെ CEPWD/6961/2023-FR10-PWD നം. കത്ത്.
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനിയറുടെ 03.05.2025 തീയതിയിലെ CEPWD/6961/2023-FR10-PWD നം. കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ പന്നിയങ്കര റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ എൽ.എ.ആർ. കേസുകളിലായി പരാമർശം 1 ഉത്തരവ് പ്രകാരം 16,59,70,286/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു .

2. പ്രസ്തുത റെയിൽവേ മേൽപ്പാലത്തിന്റെ നിർമാണവുമായി ബന്ധപ്പെട്ട് ബഹു കോഴിക്കോട് സബ് കോടതിയിലെ എൽ.എ.ആർ. നം. 07/17, 385/14, 761/15 എന്നീ കേസുകളിലെ ഉത്തരവ് പ്രകാരമുള്ള വിധി തുകയായ ₹49,80,908/- അനുവദിക്കണമെന്ന് പരാമർശിത കത്തുകൾ പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചു.

| ക്രമ നം. | എ.എ.ആർ. നമ്പർ | വിധി തുക |
|---|---|---|
| 1 | 07/17 | 4,73,411/- |
| 2 | 385/14 | 43,27,737/- |
| 3 | 761/15 | 1,79,760/- |
| | | 49,80,908/- |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ പന്നിയങ്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമാണവുമായി ബന്ധപ്പെട്ട് ബഹു. കോഴിക്കോട് സബ് കോടതിയിലെ എൽ.എ.ആർ. നം. 07/17, 385/14, 761/15 എന്നീ കേസുകളിലെ ഉത്തരവ് പ്രകാരമുള്ള വിധി തുക അടവാക്കുന്നതിന് 49,80,908/- രൂപ അനുവദിച്ചുകൊണ്ടും പരാമർശം (1) പ്രകാരം അനുവദിച്ച 16,59,70,286/- രൂപയും ചേർത്ത് ആകെ 17,09,51,194/- (പതിനേഴ് കോടി ഒൻപത് ലക്ഷത്തി അൻപത്തി ഒന്നായിരത്തി നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) രൂപയുടെ ഭരണാനുമതി, അധിക തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയോടെ, അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

4. പ്രസ്തുത തുക '5054-04-337-80-പി.സി.' എന്ന ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനിയർ, പാലങ്ങൾ വിഭാഗം, തിരുവനന്തപുരം.
എക്സി. എഞ്ചിനീയർ (പാലങ്ങൾ വിഭാഗം),കോഴിക്കോട്.
ജില്ലാ കളക്ടർ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&.ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫിസർ (വെബ് & ന്യൂ മീഡിയ), ഐ&പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 20-06-2025 17:50:55
സെക്ഷൻ ഓഫീസർ